**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3691** **05-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങൾ മുഖേന കാർഷിക വായ്പകൾക്ക് ധനസഹായം നൽകുന്നതിന് കാർഷിക വായ്പാതോത് വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; | (എ) | സംസ്ഥാനത്തെ കാർഷിക വായ്പാതോത് ഉയർത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി 22.07.2021-ന് സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്നിരുന്നു. ടി യോഗത്തിൽ വിവിധ വകുപ്പുകളിൽ നിന്നും വന്ന വായ്പാതോതുകളിൽ യോഗം കൂടുതൽ വ്യക്തത വരുത്തുന്നതിന് നിർദ്ദേശിക്കു കയുണ്ടായി. യോഗം നിർദ്ദേശിച്ച പ്രകാരമുള്ള വ്യക്തത ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം പുതുക്കിയ നിരക്കിലുള്ള കാർഷിക വായ്പാതോതുകൾക്ക് അംഗീകാരം നൽകുന്നതാണ്. സംസ്ഥാനത്തെ കാർഷിക വായ്പ സഹകരണ സംഘങ്ങൾ/പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് ബാങ്ക് ഭരണസമിതികൾക്ക് പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച്, സംസ്ഥാനത്തെ കാർഷിക ഉത്പാദനവും കാർഷിക വായ്പാ വിതരണവും കൂട്ടുന്നതിനും പുതിയ പദ്ധതി കൾ/പ്രവർത്തനങ്ങൾ ആവിഷ്കരിക്കു ന്നതിനും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/മറ്റ് വായ്പ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് ടി സംഘങ്ങൾ കുറഞ്ഞത് 20% എങ്കിലും ടി സാമ്പത്തിക വർഷമോ അതിന് തൊട്ട് മുമ്പുള്ള വർഷമോ കാർഷിക വായ്പ നൽകിയിരിക്കണമെന്നും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾ ക്കായുള്ള ഹ്രസ്വകാല മധ്യകാല വായ്പകളുടെ, ഒരു അംഗത്തിന് നൽകാവുന്ന പരമാവധി വായ്പാപരിധി 3 ലക്ഷത്തിൽ നിന്നും 5 ലക്ഷം രൂപയായി ഉയർത്തിയും, ഇതിനു പുറമേ |

| | | | |
|---|---|---|---|
| | | | പുതുതായി, കാർഷിക അനുബന്ധ വായ്പ പരമാവധി 3 ലക്ഷം രൂപയും കാർഷിക ആവശ്യങ്ങൾക്കും കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുമുള്ള സ്വർണ്ണപ്പണയ വായ്പ പരമാവധി 3 ലക്ഷം രൂപയും അനുവദിച്ചു നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കർഷക പ്രൊഡ്യൂസർ കമ്പനികൾക്കും കർഷക സംരംഭകർക്കും ഉദാരമായ വ്യവസ്ഥയിൽ വായ്പ നൽകുന്നതിന് സഹകരണ ബൈലോകൾ ഭേദഗതി ചെയ്യുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ടോ; | (ബി) | കർഷക പ്രൊഡ്യൂസർ കമ്പനികൾക്കും, കർഷക സംരംഭകർക്കും ഉദാരമായ വ്യവസ്ഥയിൽ വായ്പ നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾ സമർപ്പിച്ച നിയമാവലി ഭേദഗതി തിരുവനന്തപുരം, കോഴിക്കോട്, വയനാട് ജില്ലകളിൽ സമയബന്ധിതമായി അംഗീ കരിച്ചു നൽകിയിട്ടുണ്ട്. പാലക്കാട് ജില്ല യിൽ നെൽകർഷക സംരംഭകർക്ക് ഉദാരമായ വ്യവസ്ഥയിൽ കെ.സി.സി. പലിശരഹിത വായ്പ, അഗ്രിക്കൾച്ചറൽ ഗോൾഡ് ലോൺ എന്നിവ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ മറ്റ് കർഷ കർക്കും, ക്ഷീര കർഷക സംരംഭകർക്കും കുറഞ്ഞ പലിശ നിരക്കിൽ കെ.സി.സി. വായ്പകൾ നൽകുന്നതിന് ബൈലാ വ്യവസ്ഥ രജിസ്റ്റർ ചെയ്തു നൽകുന്നുണ്ട്. |
| (സി) | കർഷകരറിയാതെ അവരുടെ പേരിൽ കാർഷിക വായ്പ എടുത്ത് തട്ടിപ്പ് നടത്തുന്നത് തടയുന്നതിന് പരിശോധനകൾ കർശനമാക്കുമോ? | (സി) | കർഷകർ അറിയാതെ അവരുടെ പേരിൽ കാർഷിക വായ്പ എടുത്ത് തട്ടിപ്പ് നടത്തുന്നത് തടയുന്നതിന് നിയമാനു സൃതമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ